# പതിമൂന്നാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1922 | 22/03/2012 - ൽ മറുപടിക്ക്

## ഹാർബർ എഞ്ചിനീയറിംഗ് റോഡുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി കെ.കെ. ലതിക: | | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കുറ്റ്യാടി മണ്ഡലത്തിൽ നടപ്പാക്കി വരുന്നതും ഇനി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ റോഡു നിർമ്മാണപ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) | തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കുറ്റ്യാടി നിയമസഭാ മണ്ഡലത്തിലെ (പഴയ മേപ്പയൂർ മണ്ഡലം) താഴെ പറയുന്ന പ്രവൃത്തികൾ നടപ്പാക്കി വരുന്നു.<br><br>1. വടകര താലൂക്കിൽ, മണിയൂർ പഞ്ചായത്തിൽ 11-ാം വാർഡിൽ ഉൾപ്പെട്ട അട്ടക്കുണ്ട്കടവ്-തീരദേശ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനും, കലുങ്ക് നിർമ്മാണത്തിനുംവേണ്ടി 57 ലക്ഷം രൂപ അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിരുന്നു. അതനുസരിച്ച് പ്രവൃത്തി ചെയ്യുന്നതിനായി കരാറിൽ ഏർപ്പെടുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. |

(ബി) എന്തു തുകയുടെ പ്രവൃത്തികൾ ആണ് പ്രസ്തുത പദ്ധതികൾക്ക് വകയിരുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

2. വടകര താലൂക്കിൽ, മണിയൂർ പഞ്ചായത്ത് 18-ാം വാർഡിൽ ഉൾപ്പെട്ട അമ്പലമുക്ക് മുതൽ മാങ്ങിൽ കൈ വരെയുള്ള നീലിയേടത്തു കടവ് റോഡിന്റെ നിർമ്മാണത്തിനുവേണ്ടി 67 ലക്ഷം രൂപ അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിരുന്നു. അപ്രകാരം പ്രവൃത്തി ചെയ്യുന്നതിന് 27/01/2011-ൽ കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ